പരിക്കിനുള്ള ചികിത്സാ സഹായം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി 4 തവണവരെ ലഭിക്കുന്നതാണ്. സംഭവ തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്ത് അധികാര പരിധിയുള്ള റെയ്ഞ്ച് ഫോറസ്റ്റാഫീസർക്ക്/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

(ബി) ഇത്തരത്തിലുള്ള തൊഴിലാളികളുടെ കാര്യത്തിലും നിലവിൽ ഉത്തരം 'എ' യിൽ പരമാർശിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമാണ് ചികിത്സാ ചെലവിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത്.

വനപരിപാലനത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾ

288 (3922) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപരിപാലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് തോക്കുൾപ്പെടെയുള്ള യാതൊരു ആയുധങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനം കൊള്ളക്കാരുടെയും, മാഫിയകളുടെയും വനംകൊള്ള അവസാനിപ്പിക്കുവാൻ ശക്തമായ സജ്ജീകരണങ്ങളും നടപടികളും അനിവാര്യ മാണെന്നിരിക്കെ; വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിനും കൃത്യനിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും ഉടനടി അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ശ്രമകരവും ജീവൻ പണയപ്പെടുത്തിയുള്ളതുമായ വന സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്ന വളരെ തുച്ഛമായ റിസ്ക് അലവൻസ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വന മേഖലയിൽ വ്യാജമദ്യ വാറ്റ്, വനമേഖലയിലെ റോഡുകളിൽ പുകവലി എന്നിവ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിന് വനം വകുപ്പിലെ ഫോറസ്റ്റർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ 496 വിവിധ തരം തോക്കുകൾ വനം വകുപ്പിൽ ലഭ്യമാണ്. ഈ വർഷവും പുതിയതായി തോക്കുകളും വെടിയുണ്ടകളും വാങ്ങുവാൻ നടപടി എടുത്തിട്ടുണ്ട്. നിലവിൽ എല്ലാ സ്റ്റേഷനുകളിലേയ്ക്കും വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പുതിയവ അനുവദിക്കാനും, കേടുവന്ന വാഹനങ്ങൾ മാറ്റാനും നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

(ഡി) വനമേഖലയിലുള്ള വ്യജവാറ്റ് തടയാൻ നിലവിലുള്ള അധികാരങ്ങൾ മതിയാവുന്നതാണ്. കാട്ടുതീക്ക് കാരണങ്ങളാകുന്ന നടപടികൾക്കെതിരെ കേസുകൾ എടുക്കുവാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന വാച്ചർമാർക്ക് ശമ്പളം

289 (3923)ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) NMPB സ്കീമിൽ എത്ര രൂപയാണ് ഈ വർഷം വനം വകുപ്പിന് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക വിവിധ വനം ഡിവിഷനുകളിലേക്ക് നൽകിയിട്ടുണ്ടോ ;

(സി) വീതിച്ചു നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ ഈ സ്കീമിൽ ജോലി നോക്കുന്ന വാച്ചർമാർക്ക് ശമ്പളം കൊടുക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിലെ വനവികാസ ഏജൻസികൾവഴി നടപ്പാക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് 2014-15 വർഷത്തേയ്ക്ക് 214 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഇത് 8 വനവികാസ ഏജൻസികളിൽ ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ വിപുലീകരിക്കുന്നതിനായിട്ടാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 107 ലക്ഷം രൂപ ഇതിനകം ടി വനവികാസ ഏജൻസികൾക്ക് നേരിട്ട് ലഭിച്ചിട്ടുണ്ട്. മറ്റ് NMPB സ്കീമുകളിൽ ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly